# പനവൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ
# സി.ഡി.എസ്.

## കൊറോണ പ്രവർത്തന റിപ്പോർട്ട്

## ആമുഖം

നെടുമങ്ങാട് ബ്ലോക്കിൽ ഉൾപ്പെട്ട ഒരു മലയോര ഗ്രാമമാണ് പനവൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്. നിലവിൽ പതിനഞ്ച് എ.ഡിഎസുകളും 250 അയൽക്കൂട്ടങ്ങളും ഉൾപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനവും കുടുംബശ്രീ സി.ഡി.എസും വളരെ ഐക്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലൂടെ സംയോജിച്ച് പോകുന്നതിനും കഴിയുന്നു. മൃഗസംരക്ഷണ മേഖല , കൃഷി, ഭക്ഷ്യസംസ്കരണം, സ്ററിച്ചിംഗ്, കറി പൌഡർ, ക്യാരി ബാഗ് നിർമ്മാണം എന്നിവ പ്രധാന മൈക്രോസംരംഭങ്ങളാണ്. നിലവിൽ പനവൂർ സി.ഡി.എസിൽ ഉൾപ്പെട്ട അംഗങ്ങൾ ടാപ്പിംഗ് മേഖലയിൽ തൊഴിൽ എടുക്കുന്നവർ ആണ്. ലോക്ക്ഡൌൺ കാലയളവിൽ ഗവൺമെൻറ് പറഞ്ഞ രീതിയിൽ ഇടപെടുന്നതിനും പനവൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിന് കഴിഞ്ഞിട്ടുണ്ട്.

# മൈക്രോ എൻറർപ്രൈസസ്

കേരളം ലോക്ക്ഡൌൺ ആയപ്പോൾ പഞ്ചായത്തും സി.ഡി.എസും ചേർന്ന് കമ്മ്യൂണിറ്റി കിച്ചൻ സി.ഡി.എസിൻറെ നേതൃത്വത്തിൽ നടത്തി. ഇതിന് ആവശ്യമായ ഭക്ഷണസാധനങ്ങൾ സംഭാവനകളിലൂടെ ലഭ്യമാക്കി.വിവിധ സന്നദ്ധ സംഘടകൾ, ഏജൻസികൾ, നാട്ടുകാർ, എ.ഡി.എസ് സംവിധാനം, അയൽക്കൂട്ടങ്ങൾ എന്നിവയിലൂടെ സംഭാവനകൾ സ്വരൂപിക്കുന്നതിനും കമ്മ്യൂണിറ്റി കിച്ചൻറെ പ്രവർത്തനം വളരെ ഭംഗിയായി ചിട്ടയോടെ നടത്തുന്നതിനും അതിഥി തൊഴിലാളികൾക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ നൽകുന്നതിനും സാധിച്ചിട്ടുണ്ട്. ഏപ്രിൽ മാസം 6-ാം തീയതി തന്നെ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനും അതിലൂടെ സമൂഹത്തെ സഹായിക്കുന്നതിനും കഴിഞ്ഞു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന നിലയിൽ സ്റ്റിച്ചിംഗ് യൂണിറ്റുകളെ ഉൾപ്പെടുത്തി മാസ്ക് നിർമിക്കുന്നതിനും സാനിറ്റൈസർ നിർമിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സാധിച്ചു



.



## അഗതി രഹിത കേരളം

കോവിഡ് 19 എന്ന വൈറസ് ബാധ ഏറ്റവും കൂടുതൽ ബാധിക്കുക വയോജനങ്ങളെ ആയിരിക്കുമെന്നതിനാൽ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വയസിന് മുകളിൽ ഉള്ളവർക്കായി സർവ്വേ നടത്തുകയും റിസോഴ്സ് പേഴ്സൻറെ സഹായത്തോടെ എല്ലാ വയോജനങ്ങളെയും ഫോണിൽ ബന്ധപ്പെട്ട് അവർ സുരക്ഷിതരാണെന്ന് ഉറപ്പു വരുത്തുകയും ചെയ്തു. കൂടാതെ അവർക്ക് വേണ്ട ഭക്ഷണവും മരുന്നും PHC , ആശാവർക്കർ, സി.ഡി.എസ് അംഗങ്ങൾ എന്നിവരുടെ സഹായത്തോടെ എത്തിച്ച് കൊടുക്കുകയും ചെയ്തു.

ബാലസഭ

ലോക്കഡൌണിലായ അവധിക്കാലം ബാലസഭാകുട്ടികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് സഹായകമായി. ചിത്രരചന, ടിക്ടോക്, ഒറിഗാമി, കവിതാരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് അവയുടെ ചിത്രങ്ങളും വീഡിയോകളും ജില്ലാമിഷന് അയച്ചുകൊടുകക്കുകയും ചെയ്തു.


കവിത

ഭീകര കൊറോണയും
സുന്ദര കേരളവും

ദൂരത്തുകരയിൽവന്ന് കൊലയാളിയായിതീർന്ന
കൊറോണവൈറസിന്ന് ഭീതിപരത്തി.........
വ്യാപാരികളുടെയും വ്യവസായികളുടെയും
കണ്ണീരിലിന്നവൻ ഭീകരനായി......
കലയും കാവ്യവും കൊറോണയുടെ
തീച്ചൂളയിൽപെട്ടുഴലുമ്പോൾ,
മിടുക്കരെന്ന് മേനികാട്ടുന്ന
മനുഷ്യർ തങ്ങളെന്തെന്നറിയാതെ
പകച്ചീടുന്നു

കേരളത്തിലും വന്ന് ആശങ്കതീർത്താക്കി
ചഞ്ചലയിലാക്കിയല്ലോ കൊറോണ വൈറസ്.
ഭയരഹിതമനസ്സോടെ, ഒത്തൊരുമിച്ചകരത്താലേ
മലയാളീ നമ്മളിന്ന് മുന്നേറുന്നു.

ജലപ്രളയവും വന്നല്ലോ നിപ്പയും വന്നല്ലോ
എന്നിട്ടും നമ്മളിന്ന് മുന്നേറുന്നു.
നമ്മെ നയിക്കുന്ന സർക്കാരിൻ നിർദേശങ്ങൾ
പാലിച്ചും മാനിച്ചും ഇതിനെയും നമുക്ക്
തോൽപിച്ചീടാം.
തോളോടുതോൾചേർന്ന് ഇന്നീമഹാമാരിയെ
തോൽപിച്ചീടാം.

അഭിനന്ദന. S.S
IX-B.R.M.H.S
Elavattom

Mob. 9895272987

Conti.....

## സംഘടന/ മൈക്രോഫിനാൻസ്

വാട്സാപ്പ് ഗ്രൂപ്പുകളുടെ രൂപീകരണം വഴി സർക്കാർ നൽകിയ ആധികാരികമായ സന്ദേശങ്ങൾ താഴേക്കിടയിൽ എത്തിച്ച് സംഘടന സംവിധാനം ശക്തിപ്പെടുത്താൻ സാധിച്ചു. 257 വാട്സാപ്പ് ഗ്രൂപ്പുകളിലായി മൂവായിരത്തോളം അംഗങ്ങളെ ഗ്രൂപ്പിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു.

മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതിയിലേക്ക് അപേക്ഷ നൽകുന്നതിനും ഇതിലൂടെ 164 അയൽക്കൂട്ടങ്ങൾ അപേക്ഷ നൽകുകയും 1,79,60,000/- രൂപ വായ്പ വിതരണം നടക്കുകയും ചെയ്യുന്നു.



## എം.കെ.എസ്.പി

കൊറോണക്കാലത്ത് അടുക്കള തോട്ടം എന്ന ലക്ഷ്യത്തോടെ കൃഷി ഭവൻ വഴി ലഭ്യമാകുന്ന വിത്തുകൾ കുടുംബശ്രീ എ.ഡി.എസ് വഴി ഓരോ വീടുകളിലും എത്തിച്ചു. ജെ.എൽ.ജി കളിൽ നിന്നും കമ്മ്യൂണിറ്റി കിച്ചണിലേക്കും പച്ചക്കറികൾ എത്തിക്കാൻ സാധിച്ചു.





# വിവിധ വകുപ്പുകളുമായി സഹകരിച്ചുള്ള പ്രവർത്തനം

കോവിഡ് കാലയളവിൽ “ആദ്യം കൈകഴുകാം കൊറോണയെ അകറ്റാം” എന്ന ക്യാമ്പയിൻറ ഭാഗമായി എല്ലാ അയൽക്കൂട്ടങ്ങളും എ.ഡി.എസും ചേർന്ന് പ്രധാന കവലകളിലും പൊതുഇടങ്ങളിലും കൈകഴുകുന്നതിനുള്ള സൌകര്യം ഒരുക്കി. ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിൻറെ ഭാഗമായി പി.എച്ച്.എസി, ഹോമിയോ, ആയുർവേദം എന്നിവയുമായി ചേർന്ന് പ്രതിരോധ മരുന്നു വിതരണം, ശുചിത്വ പ്രവർത്തനം, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് സാധിച്ചു. കൃഷി ഭവനുമായി ചേർന്ന് നിലവിൽ കൃഷി ചെയ്യുന്നതിന്ആവശ്യമായ പിന്തുണ നൽകുകയും വിത്ത് നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. പോലീസ്, എക്സൈസ് എന്നിവരുമായി ചേർന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുവാൻ സാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് കൂടുതൽ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു.

അയൽക്കൂട്ട പ്രദേശത്ത് മറ്റു ജില്ലകളിൽ നിന്നോ വിദേശത്തു നിന്നോ വരുന്നവർക്ക് ആവശ്യമായ പിന്തുണ അയൽക്കൂട്ടങ്ങൾ വഴി ഉറപ്പുവരുത്തുന്നതിനും സമയതബന്ധിതമായി വിവരങ്ങൾ സി.ഡി.എസിൽ അറിയിക്കുന്നതിനും ഇടപെടൽ നടത്തിയിട്ടുണ്ട്. കൂടാതെ ഏതെങ്കിലും തരത്തിൽ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ സാധിക്കാത്തവർക്ക് കമ്മ്യൂണിറ്റി കിച്ചണിലൂടെ ഭക്ഷണം ലഭ്യമാക്കുന്നതിനും ചികിത്സ, മരുന്ന് എന്നിവ ലഭ്യമാകേണ്ടവർ ഉണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും നെറ്റ് വർക്ക് സംവിധാനത്തിലൂടെ ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.



## തയ്യാറാക്കിയത്

ബ്ലോക്ക് കോർഡിനേറ്റർ (സ്കിൽ & എസ്.ഡി)
- ആര്യ.എം.സി (9048565050)

ചെയർപേഴ്സൺ - സുനിത.എസ് (7594827867)